ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

തിരുവനന്തപുരം

നമ്പർ. **DTETVM/9614/2026-C2 (ACA)** തീയതി: 13-11-2026

പരിപത്രം

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - അക്കാദമിക് സെക്ഷൻ - S1 വിദ്യാർത്ഥികളുടെ special condonation മാപ്പാക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി അറിയിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 1.സ.ഉ.(കൈ) നം.326/2019/ഉവിവ തീയതി.30.09.2025
2.സ.ഉ.(സാധാ) നം.618 /2026/ഉവിവ തീയതി.01.06.2026

ഈ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ 2026 നവംബർ മാസത്തിൽ നടക്കുന്ന റിവിഷൻ 26 - S1 റഗുലർ ഡിപ്ലോമ പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കലിനുള്ള അപേക്ഷ റഗുലർ ക്ലാസ്സുകൾ കഴിഞ്ഞാലുടൻ തന്നെ സ്ഥാപന മേധാവി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് ആവശ്യമായ രേഖകൾ സഹിതം ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.അപേക്ഷകളും അനുബന്ധ രേഖകളും HOD, സ്ഥാപനമേധാവി എന്നിവർ സൂക്ഷ്മപരിശോധന നടത്തി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾ സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ സ്ഥാപനമേധാവി കൌണ്ടർസൈൻ ചെയ്യേണ്ടതാണ്. S1 വിദ്യാർത്ഥികളുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി 18.11.2026 വൈകുന്നേരം 5 മണി വരെയാണ് എന്നുള്ള വിവരം എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ മാരെയും അറിയിക്കുന്നു..

ഡിപ്ലോമ കരിക്കുലം റിവിഷൻ 26 റൂൾസ് പ്രകാരം ഹാജർ നില 50% മുതൽ, 60% വരെ ഉള്ള വിദ്യാർത്ഥികൾക്ക് മാത്രമേ സ്പെഷ്യൽ ഹാജർ കുറവ് മാപ്പാക്കാലിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ. 50%-ത്തിന് താഴെ വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

അപേക്ഷകൾ താഴെ പറയുന്ന മെയിൽ മുഖേന മാത്രം അയക്കേണ്ടതും ഹാർഡ് കോപ്പി നിർബന്ധമായും ലഭ്യമാക്കേണ്ടതുമാണ്.

സ്പെഷ്യൽ ഹാജർ കുറവ് മാപ്പാക്കാലിനുള്ള ഫീസ് Rs.1500/- ആണ് .

mail id: c2dteacademicsection@gmail.com

ANI ABRAHAM
SENIOR JOINT DIRECTOR (PS)

Digitally signed by
ANI ABRAHAM
Date: 13-11-2026
18:25:09

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ പോളിടെക്നിക് സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി